# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 418 – 29/05/2019 - ലെ മറുപടിക്ക്

## സംസ്ഥാന സർക്കാർ കടമെടുത്ത തുക

ചോദ്യം

ഉത്തരം

ശ്രീ.വി.ടി.ബൽറാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന് ഒരു സാമ്പത്തിക വർഷം എത്ര കോടി രൂപ വരെ കടമെടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പപരിധി GSDP യുടെ 3% മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. |
| (ബി) | ഈ സാമ്പത്തിക വർഷം ആരംഭിച്ച ശേഷം കടപ്പത്രങ്ങളിലൂടെ എത്ര കോടി രൂപ കടമെടുത്തിട്ടുണ്ടെന്നും ഇപ്രകാരം കടമെടുത്ത തുകയിൽ എത്ര തുക ആസ്തിവികസനത്തിനായി ഉപയോഗിച്ചു വെന്നും വ്യക്തമാക്കുമോ; | നടപ്പ് സാമ്പത്തിക വർഷം (2019-20) നാളിതുവരെ (27/05/2019) വരെ 4500 കോടി രൂപ കടപത്രങ്ങളിലൂടെ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിന് ശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. |
| (സി) | കടമെടുത്ത തുക ക്ഷേമ പെൻഷൻ കുടിശ്ശിക നൽകുന്നതിനും സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരു ടെയും ഡി.എ. കുടിശ്ശിക നൽകുന്നതിനും വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ